**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

നം: ഇഎസ്1-30754/2025/ആവഡ തീയതി: 27-12-2025

**സർക്കുലർ**

വിഷയം:- ആവഡ- ജീവനക്കാര്യം- 2026 വർഷത്തിൽ ഡിസ്ട്രിക്ട് ഒപ്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിൽ ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) കൂടുന്നത് - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- ഉത്തരവ് നം. ഇ എസ്2-6026/23/ആവഡ തീയതി 09/11/2023

2026 വർഷത്തിൽ ആരോഗ്യ വകുപ്പിൽ ഡിസ്ട്രിക്ട് ഒപ്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകുന്നതിനായി ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ചുവടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സീനിയർ ഒപ്റ്റോമെടിസ്റ്റ് തസ്തികയിലെ ജീവനക്കാരിൽ നിന്നും 2023, 2024, 2025 എന്നീ കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പും അച്ചടക്ക നടപടികൾ നിലവിലുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും അച്ചടക്ക നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവുകളും ഉൾപ്പെടെ ***15/01/2026 ന്*** മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേനെ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

| SL.No | Rank No. | Name | PEN | Date of Birth |
|---|---|---|---|---|
| 1 | 37 | SMITHA.T | 238843 | 25/05/1974 |
| 2 | 38 | NISA.S | 236990 | 10/08/1972 |
| 3 | 39 | TESSY VARGHESE | 301041 | 27/05/1970 |
| 4 | 42 | RADHA DEVI S J | 558860 | 28/02/1972 |
| 5 | 43 | SMITHA.M | 271517 | 07/05/1971 |
| 6 | 44 | AJITHA KUMARI.O.A | 565016 | 01/05/1974 |

| | | | | |
|---|---|---|---|---|
| 7 | 45 | SALEEM AYATH | 340899 | 10/04/1970 |
| 8 | 48 | PRATHIBHA.S | 208258 | 27/03/1972 |
| 9 | 49 | SWAPNA.V.B | 300251 | 31/05/1972 |
| 10 | 52 | FASEENA.S | 237892 | 28/05/1971 |
| 11 | 53 | AMBILY.K.S | 185827 | 25/05/1971 |
| 12 | 54 | E.K.GIREESH | 802595 | 24/05/1972 |

ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അതാത് സ്ഥാപനങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം കാലയളവ് രേഖപ്പെടുത്തിയ സെൽഫ് അസസ്സ്മെന്റ് പ്രത്യേകം സമർപ്പിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന് മുകൾ ഭാഗത്തായി അവരവരുടെ PEN, മൊബൈൽ നമ്പർ എന്നിവ കൂടി രേഖപ്പെടുത്തേണ്ടതാണ്. 2023, 2024 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളവർ ആ വിവരം കൂടി അറിയിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മേൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, മറ്റു അനുബന്ധരേഖകളും വാങ്ങി പരിശോധിച്ച് ആയത് പൂർണ്ണമാണെന്ന് ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ ഈ ഓഫീസിൽ അയയ്ക്കുവാൻ പാടുള്ളൂ. നിശ്ചിത സമയത്തിനുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ ഏതെങ്കിലും ഓഫീസർമാരെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ആഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

Signed by
M . Abul Kalam
Date: 27-12-2025 17:46:13

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

പകർപ്പ്:- 1. ഏല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

2. സൂപ്രണ്ട്, ഇ എഫ് സെക്ഷൻ

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4. ഫയൽ. കരുതൽ ഫയൽ